# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1924 — 06.07.2015-ലെ മറുപടിക്ക്

## വൈസ് ചാൻസലർക്കും പി.വി.സിക്കുമെതിരെ കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.സുധാകരൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ. ആർ. രാജേഷ് : | രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സ്വന്തക്കാർക്കുവേണ്ടി അനധികൃതമായി പരീക്ഷ നടത്തിയതിന് ഏതെങ്കിലും സർവകലാശാലയിലെ വൈസ് ചാൻസലർക്കും പി.വി.സിക്കുമെതിരെ കേസ് എടുത്തിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ക്വിക്ക് വെരിഫിക്കേഷനുശേഷം ആരെയെല്ലാം പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (ബി) | സത്വരാന്വേഷണ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ (ക്യു.വി.2/13/എം.പി.എം) താഴെ പറയുന്നവർ ക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.<br>1. ഡോ.എം.അബ്ദുൾ സലാം, വൈസ് ചാൻസലർ, കോഴിക്കോട് യൂണിവേഴ്സിറ്റി.<br>2. പ്രൊ.രവീന്ദ്രനാഥ്, പ്രൊ.വൈസ് ചാൻസലർ, കോഴിക്കോട് യൂണിവേഴ്സിറ്റി.<br>3. എൻ.എസ്.രാമകൃഷ്ണൻ, പേഴ്സണൽ അസിസ്റ്റൻറ്, പ്രൊ.വൈസ് ചാൻസലർ, കോഴിക്കോട് യൂണിവേഴ്സിറ്റി.<br>4. സംഗീത D/o രാമകൃഷ്ണൻ. |
| (സി) | പ്രതികളുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റങ്ങൾ എന്തെല്ലാമാണ് ; | (സി) | തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു എൻജിനീയറിംഗ് കോളേജിലെ 23 വിദ്യാർത്ഥികൾക്കുവേണ്ടി കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നിലവിലുള്ള വ്യവസ്ഥകൾക്ക വിരുദ്ധമായി പുന:പരീക്ഷ നടത്തി എന്ന ആരോപണത്തിൻെറ അടിസ്ഥാനത്തിൽ ആണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. |
| (ഡി) | പ്രതികളായ വൈസ് ചാൻസലറും പി.വി.സിയും ഇപ്പോഴും തൽസ്ഥാനങ്ങളിൽ തുടരുന്നുണ്ടോ ? | (ഡി) | തുടരുന്നുണ്ട് |

സെക്ഷൻ ഓഫീസർ